**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1625** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ചരിത്ര പ്രസിദ്ധമായ ടിപ്പു സുൽത്താൻ കോട്ട</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. ഒ. ജെ. ജനീഷ്

(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഫറോക്കിൽ സ്ഥിതി ചെയ്യുന്ന ചരിത്ര പ്രസിദ്ധമായ ടിപ്പു സുൽത്താൻ കോട്ട നിലവിൽ തകർച്ചയുടെ വക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ബേപ്പൂർ നിയോജകമണ്ഡലത്തിൽ ഫറോക്കിൽ സ്ഥിതി ചെയ്യുന്ന ടിപ്പു സുൽത്താൻ കോട്ടയിൽ കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതിയോടു കൂടി വകുപ്പ് ഉത്ഖനന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതും ഉത്ഖനനത്തിൽ തെളിയിച്ചെടുത്ത കോട്ടയുടെ അവശിഷ്ടങ്ങളും മറ്റ് നിർമ്മിതികളുടെ ഭാഗങ്ങളും അടിയന്തര സംരക്ഷണത്തിന് വിധേയമാക്കിയിട്ടുള്ളതുമാണ്.

**(ബി)** ചരിത്രപ്രസിദ്ധമായ പ്രസ്തുത കോട്ട ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്ക് ഫറോക്ക് വില്ലേജിൽ സ്ഥിതി ചെയ്യുന്ന ടിപ്പു സുൽത്താൻ കോട്ട (പാറമുക്ക് കോട്ടസ്ഥലം) സ.ഉ.(അച്ചടി) നം. 28/91/CAD, തീയതി 16/11/1991 പ്രകാരം, കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി പ്രദേശം നിലവിൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാണ്. പ്രസ്തുത സംരക്ഷിത പ്രദേശം വില നല്കി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**